Draft #30 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 03-Jan-2023 04:49 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ഭരണകാര്യം:-ഭരണ/പരീക്ഷാ വിഭാഗങ്ങളിൽ പുതിയ സെക്ഷനുകളുടെ രൂപീകരണം, തുടർ ക്രമീകരണങ്ങൾ- അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഭരണ വിഭാഗം എ 1 സെക്ഷൻ**

നമ്പർ. 27/AD A1/2023/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 03.01.2023

---

*പരാമർശം:*-1. 31.12.2022 തീയതിയിലെ നം.രജി./01/258/2022 പ്രകാരമുള്ള കുറിപ്പ്, ബഹു.വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ വൈസ് ചാൻസലറുടെ ഉത്തരവ് സഹിതം.
2. സർവ്വകലാശാല ഉത്തരവ് നമ്പർ: 11799/AD A1/2022/എം.ജി.യു., തീയതി: 21.11.2022.
3. സർക്കുലർ നമ്പർ Ad.AI-3-246/2016 തീയതി 31.05.2016.

**ഉത്തരവ്**

CETEX, ഐ.ടി. സെൽ എന്നീ വിഭാഗങ്ങൾ സംയോജിപ്പിച്ച് ഐ.ടി. സെല്ലിന് കീഴിൽ പ്രവർത്തനം ഏകീകരിച്ച സാഹചര്യം, പരീക്ഷാ വിഭാഗത്തിലെ ബി.കോം. ടാബുലേഷൻ ജോലികളുടെ അധിക ജോലിഭാരം കണക്കിലെടുത്തുകൊണ്ട് പുതിയൊരു സെക്ഷൻ രൂപീകരിക്കുന്നതിനായി പരീക്ഷാ കൺട്രോളർ നൽകിയ ശുപാർശ, എന്നിവ പരിഗണിച്ച് താഴെപ്പറയുന്ന ക്രമീകരണങ്ങൾ സർവ്വകലാശാലയിൽ നടപ്പിലാക്കിക്കൊണ്ട് പരാമർശം (1) പ്രകാരം വൈസ് ചാൻസലറുടെ ചുമതല വഹിക്കുന്ന പ്രൊ-വൈസ് ചാൻസലർ ഉത്തരവായിരിക്കുന്നു.

1. ഭരണം/അക്കാദമിക്/പരീക്ഷ/ധനകാര്യം എന്നീ വിഭാഗങ്ങളിൽ ഉപയോഗിക്കുന്ന ആപ്ലിക്കേഷനുകളുടെ കൃത്യമായ പരിപാലനത്തിന് വേണ്ടിയും, ഐ.ടി സെൽ വിഭാഗവും മറ്റ് സെക്ഷനുകളും തമ്മിലുള്ള ആശയവിനിമയം സാധ്യമാക്കുന്നതിന് വേണ്ടിയും ഭരണവിഭാഗത്തിൽ ഐ.ടി. സെൽ 2 എന്ന പേരിൽ ഒരു പുതിയ സെക്ഷൻ രൂപീകരിക്കുന്നു.
2. നിലവിലുള്ള ഐ.ടി. സെൽ സെക്ഷനെ ഐ.ടി. സെൽ 1 സെക്ഷൻ എന്ന് പുനഃനാമകരണം ചെയ്യുന്നു.
3. എക്സാം ഓഡിറ്റ് 1 സെക്ഷന്റെ സെക്ഷൻ ഓഫീസറായ ശ്രീമതി സ്വപ്ന എ.-യെ(PEN-2864) ഐ.ടി. സെൽ 2 സെക്ഷൻറെ സെക്ഷൻ ഓഫീസറായി നിയമിക്കുന്നു.
4. ഭരണവിഭാഗത്തിൽ നിലവിലുള്ള കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ നിർത്തലാക്കുന്നു.
5. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ കൈകാര്യം ചെയ്യുന്ന വെബ്സൈറ്റുകളുടെ പരിപാലനം പി.ആർ.ഒ. സെക്ഷനും, നിയമസഭാ ചോദ്യങ്ങൾ, വാർഷിക റിപ്പോർട്ട് തയ്യാറാക്കൽ തുടങ്ങിയ മറ്റെല്ലാ ജോലികളും AD A 11 സെക്ഷനും കൈമാറുന്നു.
6. കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻറെ സെക്ഷൻ ഓഫീസറായ ശ്രീ. ഗോപകുമാർ സി.-യെ (PEN-2264) എക്സാം ഓഡിറ്റ് 1 സെക്ഷനിലേക്കും, അസിസ്റ്റൻറ് സെക്ഷൻ ഓഫീസറായ ശ്രീ. അരുൺ വി.-യെ (PEN-3172) പി.ആർ.ഒ. സെക്ഷനിലേക്കും, കമ്പ്യൂട്ടർ അസിസ്റ്റൻറായ ശ്രീമതി പ്രീതി ടി.എം.-നെ (PEN-3716) AD A 11 സെക്ഷനിലേക്കും സ്ഥലംമാറ്റി നിയമിക്കുന്നു.
7. നിലവിലുള്ള ഐ.ടി. സെൽ സെക്ഷനിൽ കൈകാര്യം ചെയ്തുകൊണ്ടിരുന്ന പ്രവർത്തികൾ ഐ.ടി. സെൽ 1 സെക്ഷൻ തുടരേണ്ടതാണ്. ശ്രീ. അനീഷ് കുമാർ കെ.സി.-യെ (PEN-2513) ടി സെക്ഷൻറെ സെക്ഷൻ ഓഫീസർ ഇൻ ചാർജ് ആയി തുടരാൻ അനുവദിക്കുന്നു.
8. പരീക്ഷാ വിഭാഗത്തിലെ CETEX സെക്ഷൻ നിർത്തലാക്കുന്നു.
9. CSS സെക്ഷനിലെ വർദ്ധിച്ച ജോലിഭാരം കണക്കിലെടുത്ത്, CSS 2 എന്ന പേരിൽ ഒരു പുതിയ സെക്ഷൻ രൂപീകരിക്കുന്നു.
10. നിലവിലുള്ള CSS സെക്ഷനെ CSS 1 സെക്ഷൻ എന്ന് പുന:നാമകരണം ചെയ്യുന്നു.

11. നിർത്തലാക്കിയ CETEX സെക്ഷനിലെ സെക്ഷൻ ഓഫീസർ തസ്തിക CSS 2 സെക്ഷനിലേക്ക് മാറ്റുന്നു.

12. ഇൻറേണൽ ഓഡിറ്റ് 2 സെക്ഷനിലെ സെക്ഷൻ ഓഫീസറായ ശ്രീമതി ജോമി ജോർജ് കെ.-യെ (PEN-2788) CSS 2 സെക്ഷൻ ഓഫീസറായി സ്ഥലംമാറ്റി നിയമിക്കുന്നു.

13. നിലവിലെ CETEX സെക്ഷനിലെ ഓഫീസറായ ശ്രീമതി ജെമി ജോസഫ്-നെ (PEN-2549) ഇൻറേണൽ ഓഡിറ്റ് 2 സെക്ഷനിലെ സെക്ഷൻ ഓഫീസറായി സ്ഥലംമാറ്റി നിയമിക്കുന്നു.

14. EH 15 സെക്ഷൻ ഓഫീസറുടെ അധികച്ചുമതല വഹിക്കുന്ന ശ്രീ. മധു പി.കെ.-യെ (PEN-1847) ടി അധിക ചുമതലയിൽ നിന്നും വിടുതൽ ചെയ്യുന്നു.

15. CSS 2 സെക്ഷൻറെ സെക്ഷൻ ഓഫീസറായ ശ്രീമതി ജോമി ജോർജ് കെ.-യ്ക്ക് (PEN-2788) EH 15 സെക്ഷൻ ഓഫീസറുടെ അധികച്ചുമതല കൂടി നൽകുന്നു.

16. നിലവിൽ CETEX വിഭാഗത്തിനോടൊപ്പം പ്രവർത്തിക്കുന്ന പ്രിൻറിംഗ് യൂണിറ്റിനെ ഐ.ടി.സെൽ (പ്രിൻറിംഗ്) സെക്ഷൻ എന്ന് പുന:നാമകരണം ചെയ്യുന്നു. നിലവിലുള്ള ജീവനക്കാരെ ഉൾപ്പെടുത്തിക്കൊണ്ട്, ഡെപ്യൂട്ടി രജിസ്ട്രാർ 5 (പരീക്ഷ)-യുടെ കീഴിൽ ഐ.ടി.സെൽ (പ്രിൻറിംഗ്) സെക്ഷൻ പരീക്ഷാവിഭാഗത്തിൽ നിലനിർത്തുന്നു.

17. ഓഫീസ് സൂപ്രണ്ടായ ശ്രീ. ജോബ് സി.ജെ.-യ്ക്ക് (PEN-1468) ഐ.ടി.സെൽ (പ്രിൻറിംഗ്) സെക്ഷൻറെ മേൽനോട്ട ചുമതല നൽകുന്നു.

18. നിർത്തലാക്കിയ CETEX വിഭാഗത്തിലെ അസിസ്റ്റൻറ് ശ്രീമതി റിൻസി ജി. (PEN-3845), AC B6 സെക്ഷനിലെ അസിസ്റ്റൻറ് സെക്ഷൻ ഓഫീസറായ ശ്രീ. അഷ്റഫ് എസ്. (PEN-3019), PD 6 സെക്ഷനിലെ സീനിയർ ഗ്രേഡ് അസിസ്റ്റൻറായ ശ്രീമതി ലിൻഷ സുബ്രഹ്മണ്യൻ (PEN-3445), CBCSS 15 സെക്ഷനിലെ സീനിയർ ഗ്രേഡ് അസിസ്റ്റൻറായ ശ്രീമതി സവിത സത്യൻ (PEN-3418) എന്നിവരെ ഐ.ടി. സെൽ 2 സെക്ഷനിലേക്ക് സ്ഥലം മാറ്റി നിയമിക്കുന്നു.

19. ഐ.ടി. സെൽ 2 സെക്ഷനിലെ അസിസ്റ്റൻറായ ശ്രീമതി റിൻസി ജി.-യെ (PEN-3845) നിലവിൽ CETEX വിഭാഗം ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തികളുടെ പൂർത്തീകരണത്തിനായി ജോലി ക്രമീകരണ വ്യവസ്ഥയിൽ ഐ.ടി. സെൽ (പ്രിൻറിംഗ്) സെക്ഷനിൽ ഉൾക്കൊള്ളിച്ചുകൊണ്ട്, മൂന്നുമാസക്കാലയളവിലേക്ക് പരീക്ഷാ വിഭാഗത്തിൽ നിലനിർത്തുന്നു. ഇതുമായി ബന്ധപ്പെട്ട സോഫ്റ്റ് വെയർ ഡെവലപ്പറെയും, പ്രസ്തുത പ്രവർത്തികൾ പൂർത്തിയാക്കുന്നതുവരെ ഐ.ടി. സെൽ (പ്രിൻറിംഗ്) സെക്ഷനിൽ ഉൾപ്പെടുത്തി പരീക്ഷാ വിഭാഗത്തിൽ നിലനിർത്തുന്നു.

20. ശ്രീ. ജിബിൻ കോശി (PEN-3891), EE 2 സെക്ഷൻ, ശ്രീ. അനൂപ് എസ്. (PEN-4050), EH 15 സെക്ഷൻ, ശ്രീ. വരുൺ ബി. ശങ്കർ (PEN-4044), AC A11 സെക്ഷൻ, ശ്രീമതി സുസ്മിത സൂസൻ (PEN-4048), AC A5 സെക്ഷൻ എന്നീ അസിസ്റ്റൻറുമാരെ അവർ നിലവിൽ ജോലി ചെയ്യുന്ന സെക്ഷനുകളിൽ നിന്നും ആപ്ലിക്കേഷനുകളുടെ മെയിൻറനൻസ് പ്രവർത്തികൾക്കായി ഐ.ടി. സെൽ 2 സെക്ഷൻറെ കീഴിൽ സ്ഥലംമാറ്റി നിയമിക്കുന്നു.

21. CETEX സെക്ഷനിലെ ശ്രീ. നവീൻ ജോർജ് (PEN-3920), അസിസ്റ്റൻറിനെ, CBCSS 15 സെക്ഷനിലേക്കും, ശ്രീ. എബി ജോൺ ഏബ്രാഹാം (PEN-2973), അസിസ്റ്റൻറ് സെക്ഷൻ ഓഫീസറെ PD 6 സെക്ഷനിലേക്കും സ്ഥലംമാറ്റി നിയമിക്കുന്നു.

22. AD B2 സെക്ഷനിലെ അസിസ്റ്റൻറ് സെക്ഷൻ ഓഫീസറായ ശ്രീമതി മിസി എം.എസ്.-നെ (PEN-3300) AC A5 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

23. പരീക്ഷാ വിഭാഗത്തിൽ നിന്നും ഐ.ടി. വിഭാഗത്തിലേക്ക് നൽകുവാനുള്ള ഫയലുകൾ ബന്ധപ്പെട്ട അസിസ്റ്റൻറ് രജിസ്ട്രാർ മുഖാന്തിരം ഐ.ടി. സെൽ 2 സെക്ഷൻ ഓഫീസർക്ക് നൽകേണ്ടതാണ്. ഇപ്രകാരം ലഭിക്കുന്ന ഫയലുകളിൽ ഉത്തരവുകളോ നയപരമായ തീരുമാനങ്ങളോ ആവശ്യമില്ലാത്ത സാഹചര്യങ്ങളിൽ, ഉചിതമായ നടപടികൾ സ്വീകരിച്ചതിനുശേഷം അസിസ്റ്റൻറ് രജിസ്ട്രാർ 5 (ഭരണം) വഴി ബന്ധപ്പെട്ട പരീക്ഷാ വിഭാഗം അസിസ്റ്റൻറ് രജിസ്ട്രാർ മുഖേന തിരികെ നൽകേണ്ടതാണ്.

24. അസിസ്റ്റൻറ് രജിസ്ട്രാർ 7 (പരീക്ഷ)-യ്ക്ക് കീഴിൽ പ്രവർത്തിക്കുന്ന EK 1 സെക്ഷൻ നിർത്തലാക്കിക്കൊണ്ട് CBCSS 28 എന്ന പേരിൽ പുതിയ ഒരു സെക്ഷൻ അസിസ്റ്റൻറ് രജിസ്ട്രാർ 23 (പരീക്ഷ)-ന്റെ കീഴിൽ രൂപീകരിക്കുന്നു.

25. EK 1 സെക്ഷൻറെ ജോലികൾ ED 1 സെക്ഷന് നൽകുന്നു.



Draft #30 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 03-Jan-2023 04:49 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

26. ED 1 സെക്ഷൻ ഓഫീസർ ആയ ശ്രീമതി മീരാ നായരെ (PEN-2906) CBCSS 28 സെക്ഷൻറെ സെക്ഷൻ ഓഫീസർ ആയി സ്ഥലംമാറ്റി നിയമിക്കുന്നു.

27. CBCSS 24 സെക്ഷനിലെ അസിസ്റ്റൻറായ ശ്രീ. അരവിന്ദ് കെ.വി. (PEN-3885), PRO സെക്ഷനിലെ സീനിയർ ഗ്രേഡ് അസിസ്റ്റൻറായ ശ്രീമതി സിയ പി.വി. (PEN-3668) എന്നിവരെ CBCSS 28 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

28. നിർത്തലാക്കിയ EK 1 സെക്ഷൻറെ സെക്ഷൻ ഓഫീസർ ശ്രീ. ബിനോയ് പി.ജെ. (PEN-2281)-യെയും, ക്ലറിക്കൽ അസിസ്റ്റൻറ് ശ്രീമതി സുമി തോമസ് (PEN-2950)-നെയും ED 1 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

29. EBOQPM 1 സെക്ഷനിലെ അസിസ്റ്റൻറ് ശ്രീമതി ദിവ്യ ദാസ് സി.കെ.-യെ (PEN-4063) CBCSS 24 സെക്ഷനിലേക്ക് സ്ഥലംമാറ്റി നിയമിക്കുന്നു.

30. CBCSS 28 സെക്ഷൻറെ ജോലികൾ നിർണ്ണയിച്ചുനൽകുന്നതിനായി പരീക്ഷാ കൺട്രോളറെ ചുമതലപ്പെടുത്തുന്നു.

സ്ഥലംമാറ്റം ലഭിക്കുന്ന സെക്ഷൻ ഓഫീസർമാർ നിലവിലുള്ള നിബന്ധനകൾക്കുപുറമെ പരാമർശം (2) പ്രകാരമുള്ള ഉത്തരവിൻറെ അടിസ്ഥാനത്തിൽ, ഐ.ടി സ്റ്റോക്ക് രജിസ്റ്റർ കൈമാറേണ്ടതും, പ്രസ്തുത വിവരം CTC-യിൽ രേഖപ്പെടുത്തേണ്ടതുമാണ്.

സ്ഥലം മാറ്റപ്പെട്ട ഉദ്യോഗസ്ഥർ തങ്ങളുടെ കൈവശം ഉള്ള മുഴുവൻ ഫയലുകളുടെയും മറ്റ് അനുബന്ധ രേഖകളുടെയും പാസ്സ്‌വേഡുകളുടെയും വിശദാംശങ്ങൾ ബന്ധപ്പെട്ട മേലുദ്യോഗസ്ഥനെ ഏൽപ്പിക്കേണ്ടതാണ്. ആയത് മേലുദ്യോഗസ്ഥൻ പരാമർശം (3) പ്രകാരം പരിശോധിച്ച് അംഗീകരിക്കേണ്ടതാണ്. CTC-യോടൊപ്പം മേൽപ്പടി സർക്കുലറിൽ പരാമർശിച്ചിരിക്കുന്ന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഷിജി സെബാസ്റ്റ്യൻ വി

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. എല്ലാ സെക്ഷനുകൾ / സ്കൂളുകൾ / പഠനവകുപ്പുകൾ
2. വൈസ് ചാൻസലറുടെ / പ്രൊ-വൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറി
3. രജിസ്ട്രാർ / പരീക്ഷാ കൺട്രോളർ / ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ.-മാർ
4. ജോയിൻറ് രജിസ്ട്രാർ/ഡെപ്യൂട്ടി രജിസ്ട്രാർ/അസിസ്റ്റൻറ് രജിസ്ട്രാർ (ഭരണവിഭാഗം/ധനകാര്യം/പരീക്ഷാ/അക്കാദമികം )
5. എഡി എ4 സെക്ഷൻ/ പൂൾ ഓഫീസർ (പരീക്ഷ)
6. ജോയിൻറ് ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ്, എം ജി സർവകലാശാല
7. പി. ആർ. ഒ / കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ/ ഐ.ടി.സെൽ
8. റെക്കോർഡ്സ് സെക്ഷൻ / സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി /ഡേ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #30 of File 22249/AD A1/2/2022 (Part 1) Approved by ASSISTANT REGISTRAR I (ADMIN) on 03-Jan-2023 04:49 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം